# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം
# കരട് രേഖ

*മുളങ്കുന്നത്തുകാവ്-പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽL.C.No.15 നു പകരം റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി തൃശൂർ ജില്ലയിൽ പോട്ടോർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ*

**തൃശൂർ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയത്**

**ജൂൺ 30,2022**

**അർത്ഥാനാധികാരി**

**ഡെപ്യൂട്ടി ജനറൽ മാനേജരുടെ കാര്യാലയംകേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്**
**തിരുവനന്തപുരം**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠന യൂണിറ്റ്**

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330-332/2550785
outreach@rajagiri.edu,
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതിപ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനകളുടെ സമയവിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്ത്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്,വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യപ്രത്യാഘാത ലഘൂകരണത്തിനായിഅർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും,നിർവ്വഹിക്കാമെന്ന് ഉറപ്പ്നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര വിലയിരുത്തലിനുള്ളപദ്ധതി

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

# പട്ടികകൾ


| | |
|---|---|
| 1.3.1 | **ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ** |
| 1.5.1 | പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ |
| 1.5.2 | പദ്ധതിബാധിതമാകുന്ന വസ്തുവകകളുടെ ഉടമകൾ, ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ |
| 1.6.1 | സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും |
| 2.6.1 | പദ്ധതിയുടെ വലിപ്പം, സൗകര്യങ്ങൾ |
| 3.1.1 | പഠന സംഘം |
| 3.5.1 | പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികൾ |
| 5.1.1 | പദ്ധതിബാധിതമാകുന്ന ഭൂമിയുടെ ഉടമകൾ |
| 5.6.2. | ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ |
| 6.1.1. | പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗവും |
| 6.2.1 | പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും എണ്ണം |
| 6.2.2. | പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം |
| 6.2.3. | പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിന്റെ വിവരങ്ങൾ |
| 7.6.1. | സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി |

# ചിത്രങ്ങൾ


| | |
|---|---|
| 2.6.1 | പദ്ധതിയുടെ രൂപരേഖ |
| 3.2.1. | സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ വിവിധഘട്ടങ്ങൾ |
| 4.1.1 | പദ്ധതി പ്രദേശത്തിൻെറ മാപ്പ് |
| 4.7.1. | പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം |
| 4.8.1. | ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി |
| 6.1. | പദ്ധതിബാധിത കുടുംബങ്ങളുടെമതം |
| 6.2.1 | പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം |
| 6.2.2. | പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെജോലി |

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും പൊതു ആവശ്യവും

തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്. ദക്ഷിണ റെയിൽവേയുടെ കീഴിലുള്ള മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മനുഷ്യ നിയന്ത്രിത മായ ലെവൽ ക്രോസിങ്ങാണ് എൽ.സി. നമ്പർ 15. തൃശൂർ ദേശീയപാതയിലേക്ക് ചെന്ന്ചേരുന്ന തിരക്കേറിയ പോട്ടോർ-തിരൂർ റോഡിലാണ് എൽ.സി.നമ്പർ 15 സ്ഥിതി ചെയ്യുന്നത്. ടി പ്രദേശം ജനവാസ സ്ഥലങ്ങളും കൂടാതെ ഏതാനും സ്ഥാപനങ്ങളും ഉണ്ട്. ടി റോഡിലൂടെ തൃശൂർ നഗരത്തിലേക്ക് എത്തിച്ചേരാനാകും എന്നതിനാൽ തിരക്കേറിയ സമയങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തെ ഗതാഗതം സുഗമമാക്കുന്നതിന് റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടത് അത്യന്താപേ ക്ഷിതമാണ്.

.പദ്ധതി പ്രദേശത്ത് മെയ് 2016 ൽ നടത്തിയ ട്രാഫിക് സർവ്വെ പ്രകാരം ടി ലെവൽ ക്രോസിങ്ങിലൂടെ ദിനം പ്രതി കടന്ന് പോകുന്ന വണ്ടികളുടെ എണ്ണം 1,73,043 ആണെന്ന് കാണുന്നു. ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന വാഹനങ്ങളുടെ എണ്ണം 1 ലക്ഷത്തിന് മുകളിലാണെങ്കിൽ അവിടെ ലെവൽ ക്രോസിങ്ങിന് പകരമായി നിർബന്ധമായും മേൽപ്പാലം നിർമ്മിക്കണമെന്നതാണ് റെയിൽവേയുടെ നിബന്ധന. ആയതിനാൽ തീവണ്ടികളുടെയും റോഡ് ഉപയോക്താക്കളുടെയും സുരക്ഷിതത്വത്തിന് വേണ്ടി എൽ.സി.നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി ദക്ഷിണ റെയിൽവേ ആസൂത്രണം ചെയ്യുന്നു. 2018-19 വർഷത്തിലെ റെയിൽ വേയുടെ പിങ്ക് ബുക്കിൽ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഇനം നമ്പർ 429g ആയി ഉൾപ്പെടുത്തികൊണ്ട് ടി പദ്ധതിക്ക് റെയിൽവേ ബോർഡ് അനുമതി നൽകി യിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള ചെലവ് സംസ്ഥാന സർക്കാരും റെയിൽ വേയും തുല്ല്യാനുപാതത്തിൽ (50:50) വഹിക്കണമെന്ന് ടി അനുമതി പറയുന്നു. പ്രദേശ ത്തെ ഗതാഗതം സുഗമമാക്കുന്നതിലൂടെ ഇന്ധന ഉപയോഗവും യാത്രാസമയവും

ലഘൂകരിക്കുകയും കൂടാതെ റോഡ് ഉപയോക്താക്കളുടെയും തീവണ്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും, റെയിൽവേയുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ടി പദ്ധതി നിർവ്വഹണം സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

**1.2. പദ്ധതിപ്രദേശം**

പോട്ടോർ-തിരൂർ റോഡിൽ അട്ടൂർ ഗ്രാമത്തിലാണ് എൽ.സി.നമ്പർ 15 സ്ഥിതി ചെയ്യുന്നത്. തൃശൂർ നഗരത്തിൽ നിന്ന് ഏകദേശം 6.8 കിലോമീറ്റർ ദൂരത്തിലുള്ള കോലഴി ഗ്രാമ പഞ്ചായത്തിലെ 2, 3 വാർഡുകളിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം.

**1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും**

2022 മെയ് 24 തീയതിയിലെ 1685 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തൃശൂർ ജില്ലാകളക്ടറുടെ 2022 മെയ് 23 തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/4500/2019-E4പ്രകാരം ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി ഏകദേശം 0.7864 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ടി വിജ്ഞാപനപ്രകാരമുള്ള ഭൂമി വിവരങ്ങൾ തുടർന്ന് നൽകുന്നു.

***ജില്ല - തൃശ്ശൂർ***
***താലൂക്ക് - തൃശ്ശൂർ***
***വില്ലേജ് - പോട്ടോർ***

**പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

| *ക്രമനമ്പർ* | *റീസർവ്വെ നമ്പർ* | *വിവരണം* | *ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ)* |
|---|---|---|---|
| 1 | 52/8 | പുരയിടം | 0.0003 |
| 2 | 52/11 | പുരയിടം | 0.0194 |
| 3 | 52/12 | പുരയിടം | 0.0227 |
| 4 | 52/13 | നാളിതുവഴി | 0.0022 |
| 5 | 285/1 | പുരയിടം | 0.0035 |
| 6 | 285/2 | പുരയിടം | 0.0066 |
| 7 | 285/3 | പുരയിടം | 0.0028 |
| 8 | 56/10 | പുരയിടം | 0.0503 |
| 9 | 56/11 | പുരയിടം | 0.0173 |
| 10 | 56/12 | പുരയിടം | 0.1046 |
| 11 | 75/1 | പുരയിടം | 0.0347 |
| 12 | 75/2 | പുരയിടം | 0.0442 |
| 13 | 75/3 | പുരയിടം | 0.0945 |
| 14 | 80/1 | പുറമ്പോക്ക് | 0.0096 |

| | | | |
|---|---|---|---|
| | | സർക്കാർ തോട് | |
| 15 | 80/3 | നിലം | 0.0565 |
| 16 | 80/4 | നിലം | 0.0563 |
| 17 | 81/1 | പുറമ്പോക്ക് സർക്കാർ തോട് | 0.0105 |
| 18 | 81/5 | പുരയിടം | 0.0288 |
| 19 | 81/6 | പുരയിടം | 0.0116 |
| 20 | 81/7 | പുരയിടം | 0.0033 |
| 21 | 206/2 | നിലം | 0.0002 |
| 22 | 206/3 | പുരയിടം | 0.0128 |
| 23 | 54/part | പുറമ്പോക്ക് സർക്കാർ തോട് | 0.1010 |
| 24 | 55/ part | പുറമ്പോക്ക് സർക്കാർ തോട് | 0.0443 |
| 25 | 79/ part | പുറമ്പോക്ക് സർക്കാർ തോട് | 0.0484 |
| ***ആകെ*** | | | ***0.7864*** |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ലെവൽ ക്രോസ് 15 ൽ നിലവിലുള്ള റോഡിലൂടെയായിരുന്നു പദ്ധതിയുടെ രൂപരേഖ പരിഗണിക്കപ്പെട്ടിരുന്നത് എങ്കിലും ടി റോഡിലൂടെ മേൽപ്പാലം നിർമ്മിക്കുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട് എന്നതിനാലും, പ്രത്യാഘാതങ്ങൾ കൂടുതലായിരിക്കും എന്നതിനാലും, പ്രത്യാഘാതങ്ങൾ കുറവ് വരുന്ന, ലെവൽ ക്രോസ് 15 ൽ നിന്ന് 97.38 മീറ്റർ ദൂരെ മാറിയുള്ള നിലവിലെ രൂപരേഖ തീരുമാനിക്കപ്പെടുകയായിരുന്നു എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

### 1.5 സാമൂഹ്യപ്രത്യാഘാതങ്ങൾ

പ്രദേശത്തിൻെറ വികസനത്തിനും സുഗമവും സുരക്ഷിതവുമായ ഗതാഗതം സാധ്യമാകുന്നതിനും നിർദ്ദിഷ്ട പദ്ധതി കാരണമാകും എന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. പദ്ധതിക്കു വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 25 റീസർവ്വെ നമ്പറുകളിൽ 6 റീസർവ്വെ നമ്പറുകളിലേത് സർക്കാർ വക ഭൂമിയും മറ്റുള്ളവ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 13 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് കണ്ടെത്തുവാൻ കഴിഞ്ഞത്. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും

വസ്തുക്കളുടെ ഉടമകളെ ബന്ധപ്പെടുവാനുള്ള വിലാസമോ ഫോൺ നമ്പറോ ലഭ്യമല്ലാത്തതിനാൽ ടി ഉടമകളെ പഠനത്തിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരു കുടുംബത്തിന് തങ്ങളുടെ പാർപ്പിടം നഷ്ടമാകുന്നു എന്നുള്ളതാണ് ടി പദ്ധതിയുടെ ഒരു വലിയ പ്രത്യാഘാതമായി മനസിലാക്കുന്നത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പട്ടിക 1.5.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.5.1.:** ***പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ* | *കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമിയുടെ അളവ് കുറയൽ | ഏകദേശം 15 ഭൂവുടമകൾ | പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് കുറയും. |
| 2 | ഭവനം നഷ്ടമാകൽ | 1 കുടുംബം | വീട് നഷ്ടമാകുന്നു. ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം വീട് നിർമ്മിക്കുന്നതിന് മതിയാകില്ല എന്നതിനാൽ പ്രദേശത്ത് നിന്ന് കുടി ഒഴിയേണ്ടിവരുന്നു |
| 2 | ഉപജീവന മാർഗം നഷ്ടമാകൽ | ഇല്ല | |
| 3 | വരുമാനം നഷ്ടമാകൽ | 5ഭൂവുടമകൾ | പദ്ധതി ബാധിതമാകുന്ന ഫലവൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം |
| 5 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | 1ഭൂവുടമ | ചുറ്റുമതിൽ |
| 6 | വൃക്ഷങ്ങൾ നഷ്ടമാകൽ | 11ഭൂവുടമകൾ | തെങ്ങ്, കവുങ്ങ്, പുളി, വാഴ തുടങ്ങിയ വൃക്ഷങ്ങൾ |
| 7 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | 1 ഭൂവുടമ | കുഴൽ കിണർ |
| 8 | പൊതുമുതൽ ആഘാത ബാധിതമാകൽ | | പുറമ്പോക്ക് സർക്കാർ തോട് 5 എണ്ണം & റീസർവ്വെനമ്പർ 52/13ൽ പൊതുവഴിയായി ഉപയോഗിക്കുന്ന ഭൂമി |

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യാഘാതങ്ങൾ തുടർന്ന് വിശകലനം ചെയ്യുന്നു.

a). ***കൈവശഭൂമിയുടെ അളവ് കുറയൽ***

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂമിയുടെ ഉടമകളുടെ എണ്ണം ഏകദേശം 15 ആണെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. ഇവരിൽ 13 ഉടമകളെ പഠന സംഘം കണ്ടെത്തുകയും 11 ഉടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. സർവ്വെയിൽ സഹകരിക്കാൻ തയ്യാറല്ലാത്ത 2 ഉടമകളിൽ നിന്ന് വിവരശേഖരണം നടത്തുവാൻ കഴിഞ്ഞില്ല. നിലവിലെ പദ്ധതി രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായിട്ടുള്ള ഭൂമിയുടെ അളവിൽ കുറവ് വരും.സർവ്വെയിൽ പങ്കെടുത്ത 11 ഉടമകളിൽ 7 ഉടമകൾക്ക് ടി സ്ഥലം പാരമ്പര്യമായി കൈവശമായതും 4 ഉടമകൾ വിവിധ കാലയളവുകളിൽ വാങ്ങിയതുമാണ്.

**b). ഭവനം നഷ്ടമാകൽ**

നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ 1 കുടുംബം തമസിക്കുന്ന വീട് പൂർണ്ണമായും പൊളിച്ച് നീക്കേണ്ടതായി വരും. 25 വർഷത്തിനു മുകളിൽ പഴക്കമുള്ള, മതിയായ സൗകര്യങ്ങളുള്ള ഒരു വാർക്കകെട്ടിടമാണ് ടി വീട്. ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്ത വിധത്തിൽ വീട് നിർമ്മിക്കുന്നതിന് മതിയാകില്ല എന്നതിനാൽ കുടുംബം പദ്ധതി പ്രദേശത്ത് നിന്ന് കുടി ഒഴിയേണ്ടതായി വരും. തലമുറകളായി താമസിച്ചുവരുന്ന പ്രദേശത്ത് നിന്ന് കുടി ഒഴിയേണ്ടി വരുന്നതിൽ കുടുംബത്തിനുള്ള വൈകാരികമായ വൈഷമ്യങ്ങൾ സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ കുടുംബം പങ്ക് വെക്കുകയുണ്ടായി.

**c). വൃക്ഷങ്ങൾ/വരുമാനം നഷ്ടമാകൽ**

സർവ്വെയിൽ പങ്കെടുത്ത 11 ഭൂവുടമകളുടെയും സ്ഥലങ്ങളിൽ തെങ്ങ്, കവുങ്ങ്, മാവ് തുടങ്ങി വിവിധങ്ങളായ വൃക്ഷങ്ങളുണ്ട്. ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ടി വൃക്ഷങ്ങളിൽ നിന്ന് തങ്ങൾക്ക് വരുമാനം ലഭിക്കുന്നുണ്ട് എന്ന് 5 കുടുംബങ്ങൾ വെളിപ്പെടുത്തി.

എന്നിരുന്നാലും നിലവിലെ ഭൂമി ഏറ്റെടുക്കൽ കുടുംബങ്ങളുടെ ഉപജീവനമാർഗത്തെ ബാധിക്കുന്നില്ല എന്ന് പഠന സംഘം മനസിലാക്കുന്നു.

**d). മറ്റ് നിർമ്മിതികൾ/അവശ്യസൗകര്യം നഷ്ടമാകൽ**

പദ്ധതി മൂലം 1 കുടുംബത്തിൻെറ കുഴൽ കിണറും 1 കുടുംബത്തിൻെറ ചുറ്റുമതിലിൻെറ ഭാഗവും നഷ്ടമാകുന്നുണ്ട്. ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലത്ത് ടി സൗകര്യങ്ങൾ പുനർനിർമ്മിക്കാവുന്നതാണ്.

**e). പൊതുമുതൽആഘാതബാധിതമാകൽ**

ഏറ്റെടുക്കുന്ന ഭൂമിയിൽ 5 പുറമ്പോക്ക് സർക്കാർ തോടുകളുണ്ട്. കൂടാതെ റീസർവ്വെ നമ്പർ 52/13ൽ പൊതുവഴിയായി ഉപയോഗിക്കുന്ന ഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്.

**e). പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ കൂടാതെ പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാൻ സാധ്യതയുള്ള ജനങ്ങളുടെ സഞ്ചാരം തടസപ്പെടൽ, വാഹനഗതാഗതം തടസപ്പെടൽ, പരിസര മലിനീകരണം, കൂടാതെ പൊടി, യന്ത്രസാമഗ്രികളുടെ ശബ്ദം എന്നിവ മൂലം ഉണ്ടാകുവാനിടയുള്ള അന്തരീക്ഷ മലിനീകരണം എന്നിവയും ലഘൂകരിക്കപ്പെടേണ്ട പ്രത്യാഘാതങ്ങളാണ്.

***പട്ടിക 1.5.2. : പദ്ധതിബാധിതമാകുന്നവസ്തുവകകളുടെ ഉടമകൾ, ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ***

| ക്രമ നമ്പർ | ഉടമയുടെ പേര് | റീസർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | മധുകുമാർ എം.ആർ | 5/12-2 | സ്ഥലം, കുഴൽകിണർ, തെങ്ങ്, പ്ലാവ്, മാവ് 2, വാഴ 23എന്നിവ നഷ്ടമാകൽ |
| 2 | ഗോപി.ടി.വി | 56/10-5<br>56/10-1 | സ്ഥലം, വാഴ 6 എന്നിവ നഷ്ടമാകൽ |
| 3 | പരമേശ്വരൻ.പി.എം, | 75/1-3 | സ്ഥലം,തെങ്ങ് 9, വാഴ 35,കവുങ്ങ് 2, പാലമരം, വട്ട 2, മഹാഗണിഎന്നിവ നഷ്ടമാകൽ |
| 4 | പ്രകാശൻ.എം.എസ് | 56/12 | സ്ഥലം,തെങ്ങ് 10, പ്ലാവ്, മാവ് 7, വാഴ 20, പുളി 3, തേക്ക് 3, കവുങ്ങ് 2, പാഴ്മരം 8, പേര, മുരിങ്ങ, കശുമാവ്എന്നിവ നഷ്ടമാകൽ |
| 5 | ജോസ് പി.എൽ | 80/3, | സ്ഥലം,തെങ്ങ് 10, പ്ലാവ്, മാവ് 3, വാഴ |

| | | | |
|---|---|---|---|
| | | 80/4 | 15, എന്നിവ നഷ്ടമാകൽ |
| 6 | മഹേഷ് രാഘവൻ | 52/12-1 | സ്ഥലം, മാവ്, വാഴ എന്നിവ നഷ്ടമാകൽ |
| 7 | ബാബു.പി.റ്റി | | സ്ഥലം, തെങ്ങ്, വാഴ 15, ചുറ്റുമതിൽഎന്നിവ നഷ്ടമാകൽ |
| 8 | കണ്ണൻ.കെ.കെ | | സ്ഥലം, തെങ്ങ് 3, ഇരുമ്പൻ പുളി, പേര, ആര്യവേപ്പ്എന്നിവ നഷ്ടമാകൽ |
| 9 | കോമളവല്ലി പത്മനാഭൻ | 285/3 | സ്ഥലം, തെങ്ങ്എന്നിവ നഷ്ടമാകൽ |
| 10 | ജോയ് | -- | സ്ഥലം, റമ്പൂട്ടാൻ, ആപ്പ മരംഎന്നിവ നഷ്ടമാകൽ |
| 11 | പ്രേമാവതി & രാഖി | 81/5 | സ്ഥലം, വീടും അനുബന്ധ സൗകര്യങ്ങളും, തെങ്ങ് 3, മാവ് 3എന്നിവ നഷ്ടമാകൽ |
| 12 | പ്രമോദ് മേനോൻ | 285/3-3 | സ്ഥലംനഷ്ടമാകൽ |
| 13 | മോഹൻ രാജ് | | സ്ഥലംനഷ്ടമാകൽ |

### 1.6 ലഘൂകരണ നടപടികൾ

തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കു ന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD& 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാ ഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ

വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായസാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| *ക്രമനമ്പർ* | *സാമൂഹ്യ പ്രത്യാഘാതം* | *ലഘൂകരണ നടപടി* |
|---|---|---|
| 1 | കൈവശഭൂമിയുടെ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം നൽകുക |
| 2 | ഭവനം നഷ്ടമാകൽ | കുടുംബത്തിൻെറ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപനവും നൽകുക |
| 3 | ചുറ്റുമതിൽ, കുഴൽ കിണർഎന്നീ ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും നൽകുക |
| 4 | വൃക്ഷങ്ങളും അവയിൽ നിന്നുള്ള വരുമാനം നഷ്ടമാകലും. | നിയമാനുസൃതമായ നഷ്ടപരിഹാരം നൽകുക. പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |
| 5 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം |
| 6 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ദക്ഷിണ റെയിൽവേയുടെ കീഴിലുള്ള മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മനുഷ്യനിയന്ത്രിതമായ ലെവൽ ക്രോസിങ്ങായ എൽ.സി. നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന വാഹനങ്ങളുടെ എണ്ണം 1 ലക്ഷത്തിന് മുകളിലാണെങ്കിൽ അവിടെ ലെവൽ ക്രോസിങ്ങിന് പകരമായി നിർബന്ധമായും മേൽപ്പാലം നിർമ്മിക്കണമെന്നതാണ് റെയിൽവേയുടെ നിബന്ധന. പദ്ധതി പ്രദേശത്ത് മെയ് 2016 ൽ നടത്തിയ ട്രാഫിക് സർവ്വെ പ്രകാരം ടി ലെവൽ ക്രോസിങ്ങിലൂടെ ദിനം പ്രതി കടന്ന് പോകുന്ന വണ്ടികളുടെ എണ്ണം 1,73,043 ആണെന്ന് കാണുന്നു. ആയതിനാൽ തീവണ്ടികളുടെയും റോഡ് ഉപയോക്താക്കളുടെയും സുരക്ഷിതത്വത്തിന് വേണ്ടി എൽ.സി.നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി ദക്ഷിണ റെയിൽവേ ആസൂത്രണം ചെയ്യുന്നു. ടി പദ്ധതി 30.32 കോടി രൂപ കേരള സംസ്ഥാന സർക്കാരും റെയിൽവേയും തുല്യ അനുപാതത്തിൽ ചെലവഴിച്ച് നിർവ്വഹിക്കുന്നതിന് 2018-19 വർഷത്തിലെ റെയിൽവേയുടെ പിങ്ക് ബുക്കിൽ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഇനം നമ്പർ 429g ആയി ഉൾപ്പെടുത്തികൊണ്ട് റെയിൽവേ ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെട്ടിരിക്കുന്നത് കേരള സംസ്ഥാന സർക്കാരിന്റെയും ഇന്ത്യൻ റെയിൽവേയുടെയും ഒരു സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail) ആണ്. റെയിൽവേയുടെ ഭാഗം/ റയിൽവേ സ്പാനിന്റെ നിർമ്മാണം റെയിൽവേ അതോറിറ്റിയും അനുബന്ധ റോഡുകളുടെ നിർമാണം റോഡ് അതോറിറ്റിയും നിർവ്വഹിക്കുക എന്നതാണ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ പൊതുവെ അവലംബിച്ചിരുന്ന മാർഗം. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങളിൽ ഇരുവിഭാഗങ്ങൾ തമ്മിൽ ഏകോപനമില്ലാതെ വരുന്നതിനാൽ ടി മാർഗം റെയിൽവേ മേൽപ്പാലങ്ങളുടെ

നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചു. ആയതിനാൽ റെയിൽവേ മേൽപ്പാല നിർമ്മാണങ്ങൾ സുഗമമാക്കുന്നതിന്, ദക്ഷിണ റെയിൽവേയുടെ നിർദ്ദേശ പ്രകാരം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണങ്ങൾക്ക് ഒരു ഏകസംവിധാനത്തെ ചുമതല പ്പെടുത്തുന്നതിന് കേരള സംസ്ഥാന സർക്കാർ തീരുമാനിച്ചു. അത് പ്രകാരം ഇന്ത്യൻ റെയിൽവേയുടെ പിങ്ക് ബുക്കിൽ 2018-19 വർഷത്തെ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 27 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണത്തിന് കെ-റെയി ലിനെ ചുമതലപ്പെടുത്തിക്കൊണ്ട് 27/04/2018 തീയതിയിൽ കേരള സർക്കാർ ഉത്തരവ് നമ്പർ GO(Rt)No:780/2018/PWD പുറപ്പെടുവിച്ചു. ആയതിനാൽ റെയിൽവേയുടെ പിങ്ക് ബുക്കിൽ 2018-2019 വർഷത്തിലെ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഐറ്റം നമ്പർ 429ഇ ആയി ഉൾപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട പദ്ധതിയായ റെയിൽവേ മേൽപ്പാലത്തിൻെറ നിർമ്മാണം നിർവ്വഹിക്കുന്നതിന് കെ-റെയിൽ ചുമതലപ്പെട്ടിരിക്കുന്നു.

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് 16/09/2019 തീയതിയിലെ 2159 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാ രിൻെറ 12/04/2019 തീയ്യതിയിലെ നമ്പർ 1033/2019/REV പ്രകാരം എൽ.എ. (ജനറൽ) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിട്ടുണ്ട്. ആയതിനാൽ നിർദ്ദി ഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് എൽ.എ. (ജനറൽ) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാർ ആയിരിക്കും.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു. എൽ.സി. നമ്പർ 15 നു പകരമായി റെയിൽവേ മേൽപാലം നിർമ്മിക്കുന്ന തിലൂടെ രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെയ്ക്കുന്നു എന്നതി

നാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1) b (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതുതാൽപര്യമാണ്.

**2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

തൃശൂർ ജില്ലാകളക്ടർ പുറപ്പെടുവിച്ച ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് പദ്ധതിക്ക് ആവശ്യമായി വരുന്നത് ഏകദേശം 0.7864 ഹെക്ടർ സ്ഥലമാണ്. എൽ.സി. നമ്പർ 15 നിൽക്കുന്ന റോഡിൽനിന്ന് 97.38 മീറ്റർ ദൂരെ മാറിയാണ് മേൽപ്പാലം വിഭാവന ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ വിശദമായ പദ്ധതി രേഖ പ്രകാരം 37.2 മീറ്റർ നീളത്തിൽ റെയിൽവേ സ്പാൻ ഉൾപ്പടെ നിർദ്ദിഷ്ട മേൽപാലത്തിൻെറ ആകെ നീളം 370.54 മീറ്റർ ആയിരിക്കും. മേൽപ്പാലത്തിന് 7.5 മീറ്റർ വീതിയിൽ 2 വരി ക്യാരേജ്‌വേയും, ഒരു വശത്ത് 1.5 മീറ്റർ വീതിയിൽ നടപാതയും ഉണ്ടായിരിക്കും. ക്യാരേജ്‌വേ, നടപ്പാത, ക്രാഷ് ബാരിയേഴ്സ്, കേർബ് എന്നിവ ഉൾപ്പടെ മേൽപ്പാലത്തിൻെറ ആകെ വീതി 10.35 മിറ്റർ ആയിരിക്കും ഇരുവശങ്ങളിലുമുള്ള സർവ്വീസ് റോഡിൻെറ വീതി 4.50 മീറ്റർ ആയിരിക്കും. മേൽപ്പാലത്തിനെ സർവ്വീസ് റോഡുകളുമായി ബന്ധിപ്പിച്ചു കൊണ്ട് ഇരുവശങ്ങളിലും സ്റ്റെയർ കേസുകൾ ഉണ്ടായിരിക്കും.

മുളങ്കുന്നത്തുകാവ്-പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി മേൽപാലനിർമ്മാണപദ്ധതി 30.32 കോടി രൂപ കേരള സംസ്ഥാന സർക്കാരും റെയിൽവേയും തുല്യ അനുപാതത്തിൽ ചെലവഴിച്ച് നിർവ്വഹിക്കുന്നതിന് 2018-19 വർഷത്തിലെ റെയിൽവേയുടെ പിങ്ക് ബുക്കിൽ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഇനം നമ്പർ 429g ആയി ഉൾപ്പെടുത്തികൊണ്ട് റെയിൽവേ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രതീക്ഷിത ചെലവായി വിശദമായ പദ്ധതി രേഖയിൽ കണക്കാക്കപ്പെട്ടിരിക്കുന്നത് 18,14,77,012 രൂപയാണ്.

**2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

ലെവൽ ക്രോസ് 15 ൽ നിലവിലുള്ള റോഡിലൂടെയായിരുന്നു പദ്ധതിയുടെ രൂപരേഖ പരിഗണിക്കപ്പെട്ടിരുന്നത് എങ്കിലും ടി റോഡിലൂടെ മേൽപ്പാലം നിർമ്മിക്കുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട് എന്നതിനാലും, പ്രത്യാഘാതങ്ങൾ കൂടുതലായിരിക്കും

എന്നതിനാലും, പ്രത്യാഘാതങ്ങൾ കുറവ് വരുന്ന, ലെവൽ ക്രോസ് 15 ൽ നിന്ന് 97.38 മീറ്റർ ദൂരെ മാറിയുള്ള നിലവിലെ രൂപരേഖ തീരുമാനിക്കപ്പെടുകയായിരുന്നു എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

## 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ പദ്ധതി പ്രദേശം നിർമ്മാണത്തിനു വേണ്ടി ഒരുക്കുകയും തുടർന്ന് മേൽപ്പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

## 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ.

വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന പദ്ധതിയുടെ രൂപരേഖയും അനുബന്ധ മായ മറ്റ് വിവരങ്ങളും തുടർന്ന് നൽകുന്നു

***ചിത്രം2.6.1. പദ്ധതിയുടെ രൂപരേഖ***




**പട്ടിക 2.6.1. പദ്ധതിയുടെ*വലിപ്പം, സൗകര്യങ്ങൾ***

| | |
|---|---|
| പാലത്തിൻെറ ആകെ നീളം | 37.2 മീറ്റർ നീളത്തിൽ റെയിൽവേ സ്പാൻ ഉൾപ്പടെ നിർദ്ദിഷ്ട മേൽപാലത്തിൻെറ ആകെ നീളം 370.54 മീറ്റർ |
| പാലത്തിൻെറ തരം | കമ്പോസിറ്റ് സ്റ്റീൽ ഗിർഡർ ഉപയോഗിച്ചുള്ള റെയിൽവേ സ്പാനും PSC I ഗിർഡർ ഉപയോഗിച്ചുള്ള അനുബന്ധങ്ങളും |
| പാലത്തിൻെറ ആകെവീതി | ക്യാരേജ്വേ, നടപാത, ക്രാഷ് ബാരിയേഴ്സ്, കേർബ് എന്നിവ ഉൾപ്പടെ മേൽപാലത്തിൻെറ ആകെവീതി |

| | |
|---|---|
| | 10.35 മിറ്റർ |
| അനുബന്ധറോഡിൻെറ വീതി | 10.35 മീറ്റർ–7.5 മീറ്റർ വീതിയിൽ ക്യാരേജ്‌വേ, 1.5 മീറ്റർ വീതിയിൽ ഒരു വശത്ത് നടപാത, 0.45 മീറ്റർ വീതിയിൽ ഒരു വശത്ത് കേർബ്, 0.45 മീറ്റർ വീതിയിൽ ഇരുവശങ്ങളിലും ക്രാഷ്ബാരിയേഴ്സ് |
| റെയിൽവേ സ്പാ നിൻെറ വീതി | 12 മീറ്റർ –7.5 മീറ്റർ വീതിയിൽ ക്യാരേജ്‌വേ, ഇരുവശ ങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപാത, ഇരുവശങ്ങളിലും 500 മില്ലിമീറ്റർ ക്രാഷ്ബാരിയർ, ഇരുവശങ്ങളിലും 250 മില്ലിമീറ്റർ പാരപ്പെറ്റ് |
| സർവീസ് റോഡിൻെറ വീതി | ഇരുവശങ്ങളിലും 4.50 മീറ്റർ |
| നടപാത | ഒരു വശത്ത് 1.5 മീറ്റർ വീതിയിൽ നടപാത, മറുവശത്ത് റെയിൽവേ സ്പാനിൽ നടപാത നൽകി സ്റ്റെയർ മുഖാന്തിരം സർവ്വീസ് റോഡിൽ ബന്ധിപ്പിക്കും. |
| അനുബന്ധ റോഡിൻെറ നീളം | പോട്ടോർ ഭാഗത്ത് 157.92 മീറ്ററും തൃശൂർ ദേശീയ പാതയുടെ ഭാഗത്ത് 175.42 മീറ്ററും. |

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് നിലവിലുള്ള വൈദ്യുതി തൂണുകൾ, ടെലിഫോൺ തൂണുകൾ, എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതി രിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

### 2.8 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കെ-റെയിൽ കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ കെ-റെയിൽ വിലയിരു ത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരു ത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹാ യത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ വെളിപ്പെടുത്തിയിരിക്കുന്നു

- ട്രാഫിക് സർവെ
- റീകണെയ്സൻസ് സർവെ
- ടോപ്പോഗ്രഫിക് സർവെ
- ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ
- മണ്ണ് പരിശോധന

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തി കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയാണ് ഇത്.

## 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം, എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.

- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതി യിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കു ന്നതിനുള്ള പോളിസി
- വിവരാവകാശ നിയമം 2005

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ പോട്ടോർ വില്ലേജിലെ 25 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.7864 ഹെക്ടർ സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് മുളങ്കുന്നത്തുകാവ്-പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി. നമ്പർ 15 നു പകരം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കു വേണ്ടി ആവശ്യമുണ്ടായേക്കാം എന്ന് വെളിപ്പെടുത്തിക്കൊണ്ടും ടി സ്ഥല വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടും തൃശ്ശൂർ ജില്ലാകളക്ടറുടെ 2022 മെയ് 23 തീയതിയിലെ DCTSR/4500/2019-E4 നമ്പർ വിജ്ഞാപനം 2022 മെയ് 24 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1685 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 4 അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുന്നതായും നിർദ്ദിഷ്ട വിജ്ഞാപനം വെളിപ്പെടുത്തുന്നു.

അതിനെ തുടർന്ന് പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി, ഓരോരുത്തർക്കും പ്രത്യേക ചുമതലകൾ നൽകി ഒരു പഠന സംഘത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് രൂപീകരിച്ചു.

## 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ- സാമ്പത്തിക സർവ്വേയിലും അനുഭവ സമ്പത്തുള്ള 10 അംഗ സംഘമാണ് എൽ.സി.നമ്പർ 15 നു പകരം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് പ്രൊജക്ട് ഡയറക്ടർ ആണ് ചെയർപേഴ്സൺ എന്നനിലയിൽ പഠന സംഘത്തിന് നേതൃത്വം നൽകിയത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 2 | Dr. Fr. സാജു എം. ഡി | എം.ഫിൽ , പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Fr. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ,എം.ഫിൽ കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 36 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ലിൻഡ ചാക്കോ | എം.എ,ഡി,എസ്,എസ് റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖല യിൽ 18 വർഷത്തെ പരിചയം |
| 8 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 34 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 28 വർഷത്തെ പ്രവർത്തന പരിചയം |
| 10 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാരീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 08.04.2022 തീയതിയിൽ പദ്ധതി പ്രദേശത്ത് നടത്തിയ പ്രാഥമിക സന്ദർശനത്തിൻെറയും നിരീക്ഷണത്തിൻെറയും വെളിച്ചത്തിൽ ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചോദ്യാവലി തയ്യാറാക്കുകയും പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. പിന്നീട് പ്രസ്തുത ചോദ്യാവലി ഉപയോഗിച്ച് 02.06.2022 തീയതിയിൽ പഠന സംഘം പദ്ധതി

ബാധിതമാകുന്ന വീടുകൾ സന്ദർശിച്ചും പദ്ധതി പ്രദേശത്ത് നേരിൽ കാണുവാൻ കഴിയാതിരുന്ന ഉടമകളിൽ നിന്ന് ടെലിഫോണിലൂടെയും വിവരശേഖരണം നടത്തി.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. പദ്ധതി യുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail)കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചുംപഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ലഭിച്ച വിവരങ്ങൾ SPSS സോഫ്റ്റ് വെയർ ഉപയോഗിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് കൊണ്ടും പദ്ധതിയെ ക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുമാണ് സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠനത്തിൻെറ ഈ കരട് രേഖ തയ്യാറാക്കിയത്. പദ്ധതി ബാധിത കുടുംബ ങ്ങൾക്ക് മുൻകൂട്ടി നോട്ടീസ് നൽകികൊണ്ട് കോലഴി ഗ്രാമപഞ്ചായത്ത് ഹാളിൽ 15.07.2022 തീയതിയിൽ ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിക്കുകയും കരട് രേഖ അവത രിപ്പിക്കുകയും ചെയ്യും. പദ്ധതി ബാധിതർക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങ്. പദ്ധതിക്ക് വേണ്ടി ചുമതലപ്പെട്ടിട്ടുള്ള സ്പെഷ്യൽ തഹസിൽദാറും അർത്ഥനാധികാരിയുടെ പ്രതിനിധിയും പബ്ലിക് ഹിയറിങ്ങിൽ പദ്ധതി യെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള പദ്ധതി ബാധിതരുടെ ചോദ്യ ങ്ങൾക്ക് മറുപടി നൽകും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന ആശങ്ക കളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും ഉൾപ്പെടുത്തി യിട്ടായിരിക്കും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് അന്തിമമാക്കുന്നത്.

പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.

- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ
- ജനപ്രതിനിധികളുമായി അഭിമുഖം
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ചരേഖകളുടെ പഠനം
- അർത്ഥനാധികാരിയിൽ നിന്നും ലഭിച്ചപദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെയും റിപ്പോർട്ടുകളുടെയും പഠനം
- ലഭിച്ച വിവരങ്ങളുടെ വിശകലനം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറകരട് രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ് ആസൂത്രണം

***ചിത്രം 3.2.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ***




### 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ ഭൂവുടമകളിൽ നിന്നും സാമൂഹ്യ-സാമ്പത്തിക

സർവ്വെയിലൂടെ വിവരശേഖരണം നടത്തുന്നതിന് പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചു.ഏകദേശം 15 ഉടമകളുടെ സ്ഥലങ്ങളാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു. ഇവരിൽ 13 ഉടമകളെ പഠന സംഘത്തിന് കണ്ടെത്തുവാൻ കഴിഞ്ഞു എങ്കിലും 2 ഉടമകൾ സർവ്വേയിൽ സഹകരിച്ചില്ല. ആയതിനാൽ 11 ഉടമകളിൽ നിന്നുമാണ് പൂർണ്ണമായ വിവരശേഖരണം നടത്തിയിരിക്കുന്നത്.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായസ്രോതസ്സുകളെക്കുറിച്ചുമുള്ളഅവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശ ത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നിരീ ക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങൾ സന്ദർശിച്ചും നേരിൽ കാണുവാൻ കഴിയാതിരുന്ന ഉടമകളെ ടെലഫോണിൽ ബന്ധപ്പെട്ടും നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെയാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തുകൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭി പ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ചോദ്യാവലി ഉപയോഗിച്ചായിരുന്നു സാമൂഹ്യ-സാമ്പത്തിക സർവ്വെ നടത്തിയത്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാ രമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail)കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

### *3.5. തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനങ്ങളുടെ സമയവിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും*

***പട്ടിക 3.5.1: പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികൾ***

| ക്രമനമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| 1. | പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനം | 08.04.2022 |
| 2 | ഗ്രാമ പഞ്ചായത്ത് സന്ദർശനവും പഞ്ചായത്ത് സെക്രട്ടറിയുമായ് കൂടികാഴ്ച്ചയും | 08.04.2022 |
| 2 | അർത്ഥനാധികാരിയിൽ നിന്ന് വിവരശേഖരണം | 27.04..2022 |
| 3 | പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ | 02.06.2022 |
| 4 | പദ്ധതിബാധിതർക്ക് പബ്ലിക് ഹിയറിങ്ങ് നോട്ടിസ് നൽകൽ | 07.07.2022 |
| 5 | പബ്ലിക് ഹിയറിങ്ങ് | 15.07.2022 |

പഠനവുമായി ബന്ധപ്പെട്ട് 15.07.2022 തീയതി പകൽ 11 മണിക്ക് കോലഴി ഗ്രാമപഞ്ചായത്ത് ഹാളിൽ പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പബ്ലിക് ഹിയറിങ്ങിനുള്ള അറിയിപ്പ് നോട്ടീസ് മുഖാന്തിരവും ടെലിഫോണിലൂടെയും പദ്ധതി ബാധിതർക്ക് നൽകും.

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

**4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം**

തൃശ്ശൂർ ജില്ലയിൽ പോട്ടോർ–തിരൂർ റോഡിൽ സ്ഥിതി ചെയ്യുന്ന എൽ.സി.നമ്പർ 15 നു പകരമായിട്ടാണ് നിർദ്ദിഷ്ട റെയിൽവേ മേൽപാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. എൽ.സി.നമ്പർ 15 റെയിൽവേ ഗേറ്റിൽ നിന്നും 98 മീറ്റർ ദൂരെ മാറിയാണ് മേൽപ്പാലം നിർമ്മിക്കുന്നത്. പദ്ധതി പ്രദേശം കോലഴി ഗ്രാമ പഞ്ചായത്തിലെ 2, 3 വാർഡുകളിൽ ഉൾപ്പെടുന്നു. തൃശ്ശൂർ നഗരത്തിന് വടക്ക് ഭാഗത്ത് 6.8 കിലോമീറ്റർ ദൂരത്തിൽ കോലഴി ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശം ജനവാസ മേഖലയാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 25 റീസർവ്വെ നമ്പറുകളിൽ റവന്യൂരേഖ പ്രകാരം 16 എണ്ണം പുരയിടങ്ങളും, 3 എണ്ണം നിലങ്ങളുമാണ്. കൂടാതെ 5 പുറമ്പോക്ക് തോടുകളും 1 എണ്ണം നാളിതുവഴിയുമാണ്.

**ചിത്രം 4.1 പദ്ധതി പ്രദേശത്തിൻെറ മാപ്പ്**



**4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)**

തൃശ്ശൂർ ദേശീയപാതയിലേക്ക് ചെന്ന് ചേരുന്ന തിരക്കേറിയ പോട്ടോർ- തിരൂർ റോഡിലാണ് എൽ.സി.നമ്പർ 15 സ്ഥിതി ചെയ്യുന്നത്. ടി പ്രദേശം ജനവാസ സ്ഥല ങ്ങളും കൂടാതെ ഏതാനും സ്ഥാപനങ്ങളും ഉണ്ട്. ടി റോഡിലൂടെ തൃശൂർ നഗരത്തി ലേക്ക് എത്തിച്ചേരാനാകും എന്നതിനാൽ ധാരാളം വാഹനങ്ങൾ ഇതിലൂടെ കടന്ന് പോകാറുണ്ട്. ഇവിടെ മേൽപ്പാലം നിർമ്മിക്കുന്നതിലൂടെ തിരക്കേറിയ സമയങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തെ ഗതാഗതം സുഗമമാക്കുന്ന തിന് സഹായകമാകും. യാത്രക്കാർ നിലവിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന സമയ നഷ്ടം, ഇന്ധന നഷ്ടം എന്നിവയ്ക്ക് പദ്ധതി ഒരു പരിഹാരമാകും.

പദ്ധതിക്ക് മേൽപറഞ്ഞ ഗുണകരമായ പ്രത്യാഘാതങ്ങളുണ്ടെങ്കിലും പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകൾക്ക് ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിട യുള്ള നഷ്ടങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. പദ്ധതിപ്രദേശത്ത് താമസിക്കുന്ന 1 കുടുംബത്തിന് അവിടെ നിന്ന് കുടി ഒഴിയേണ്ടി വരുന്നു എന്നതാണ് പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള ഏറ്റവും വലിയ പ്രത്യാഘാതം. മറ്റ് ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് കുറയും എന്നതും ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ഏതാനും വൃക്ഷങ്ങൾ വെട്ടി മാറ്റേണ്ടതുണ്ട് എന്നതും ഉടമകൾക്ക് ടി വൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം നഷ്ടമാകും എന്നതുമാണ് പദ്ധതിയുടെ മറ്റ് പ്രത്യാഘാതങ്ങളായികാണുന്നത്.

**4.3.പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

2022 മെയ് 24 തീയതിയിലെ 1685 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാകളക്ടറുടെ 2022 മെയ് 23 തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/ 4500/2019-E4 പ്രകാരം എൽ.സി. നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായി ഏകദേശം 0.7864 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. പദ്ധതിക്കു വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 25 റീസർവ്വെ നമ്പറുകളിൽ 6 റീസർവ്വെ നമ്പറുകളിലേത് സർക്കാർ വക ഭൂമിയും മറ്റുള്ളവ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പ്രദേശത്തെ ഏതാനും കുടുംബങ്ങൾ നടവഴിയായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന സ്ഥലവും (റീസർവ്വെ നമ്പർ 52/13) നിലവിൽ ഉപയോഗിക്കപ്പെടാത്ത 5 പുറമ്പോക്ക് തോടുകളും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

**4.5.പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

പദ്ധതിയ്ക്കു വേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പണയത്തി നെടുക്കുകയോ ചെയ്യിട്ടില്ല.

**4.6.ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പോട്ടോർ-തിരൂർ റോഡിൽ സ്ഥിതി ചെയ്യുന്ന എൽ.സി.നമ്പർ 15നു പകരമായി നിർമ്മി ക്കുവാൻ ഉദ്ദേശിക്കുന്ന റെയിൽവേ മേൽപ്പാലം പ്രസ്തുത റെയിൽവേ ഗേറ്റിൽ നിന്നും 98 മീറ്റർ ദൂരെ മാറിയാണ് നിർമ്മിക്കുന്നത്. തൃശ്ശൂർ നഗരത്തിന് വടക്ക് ഭാഗത്ത് 6.8 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കോലഴി ഗ്രാമ പഞ്ചായത്തിലെ 2, 3 വാർഡുകളിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശം ജനവാസ മേഖലയും വിവിധ വിളകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളുമാണ്.

**4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 25 റീസർവ്വെ നമ്പറുകളിൽ റവന്യൂരേഖ പ്രകാരം 16 എണ്ണം പുരയിടങ്ങളും, 3 എണ്ണം നിലങ്ങളുമാണ്. കൂടാതെ 5 പുറമ്പോക്ക് തോടുകളും 1 എണ്ണംനാളിതുവഴിയുമാണ്.

**ചിത്രം 4.7.1. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**




സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പദ്ധതി ബാധിത മാകുന്ന സ്വകാര്യ വസ്തുക്കളുടെ ഉടമകളായ 13 പേരിൽ 5 ഉടമകൾ ടി സ്ഥലം താമസത്തിനുമാത്രമായും, 4 ഉടമകൾ കൃഷിക്കും, 1 ഉടമ താമസത്തിനും കൃഷിക്കു മായി ടി സ്ഥലം ഉപയോഗിക്കുന്നു. 3 ഉടമകളുടെ സ്ഥലങ്ങൾ തരിശ്ഭൂമിയാണ്.

### 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

**ചിത്രം 4.8.1. ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി**



പദ്ധതി ബാധിത ഭൂവുടമകൾക്ക് പദ്ധതി പ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ അളവ് ചിത്രം 4.8.1ൽ കാണിച്ചിരിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് കണ്ടെത്തിയ 13 ഭൂവുടമകളിൽ 4 ഉടമകൾക്ക് പദ്ധതിപ്രദേശത്ത് 10 സെൻറിനും 13 സെൻറിനും ഇടയിലും, 3 ഉടമകൾക്ക് 16 സെൻറിനും 18 സെൻറിനും ഇടയിലും ഭൂമിയുണ്ട്. ഒരു (1) ഉടമയ്ക്ക് 13 സെൻറ് സ്ഥലവും മറ്റൊരു (1) ഉടമയ്ക്ക് 50 സെൻറ് സ്ഥലവും പദ്ധതി പ്രദേശത്ത് ഉണ്ട്. 4 ഉടമകൾ ടി വിവരം വെളിപ്പെടുത്തിയില്ല.

സർവ്വെയിൽ സഹകരിച്ച 11 ഭൂവുടമകളിൽ7 പേർക്ക് ടി ഭൂമി പരമ്പര്യമായി കൈവശമായതും 4 ഉടമകൾ ടി സ്ഥലം വിവിധ കാലയളവുകളിലായി വാങ്ങിയതുമാണ്. ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ 10 ഉടമകളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ളതും ഒരെണ്ണം കൂട്ടുടമസ്ഥതയിലുള്ളതുമാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് കണ്ടെത്തിയ 13 ഭൂവുടമകളിൽ 6 ഉടമകളുടെ കുടുംബങ്ങൾ പദ്ധതിപ്രദേശത്ത് താമസിക്കുന്നു. ഇവരിൽ 1 കുടുംബത്തിൻെറ വീട് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

വിവര ദാതാക്കൾ സർവ്വേയിൽ നൽകിയ വിവരമനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ കഴിഞ്ഞ 3 വർഷക്കാലമായി യാതൊരു വിധ കൈമാറ്റവും നടന്നിട്ടില്ല.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പദ്ധതി ബാധിതമാകുന്ന സ്വകാര്യ വസ്തുക്കളുടെ ഉടമകളായ 13 പേരിൽ 5 ഉടമകൾ ടി സ്ഥലം താമസത്തിനു മാത്രമായും, 4 ഉടമകൾ കൃഷിക്കും, 1 ഉടമ താമസത്തിനും കൃഷിക്കുമായി ടി സ്ഥലം ഉപയോഗിക്കുന്നു. 3 ഉടമകളുടെ സ്ഥലങ്ങൾ തരിശ്ഭൂമിയാണ്

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ പോട്ടോർ വില്ലേജിലെ 25 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.7864 ഹെക്ടർ സ്ഥലം ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാതബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പ്രത്യക്ഷ ആഘാത ബാധിതർ മാത്രമാണ് ഉള്ളത് എന്ന് മനസിലാക്കുന്നു

### 5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

പദ്ധതിക്കു വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 25 റീസർവ്വെ നമ്പറുകളിൽ 6 റീസർവ്വെ നമ്പറുകളിലേത് സർക്കാർ വക ഭൂമിയും മറ്റുള്ളവ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വസ്തുക്കളുടെ ഉടമകളെ ബന്ധപ്പെടുവാനുള്ള വിലാസമോ ഫോൺ നമ്പറോ ലഭ്യമല്ലാത്തതിനാൽ ടി ഉടമകളെ പഠനത്തിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് കണ്ടെത്തിയ 13 ഉടമകളുടെ പേരു വിവരങ്ങൾ പട്ടിക 5.1.1.-ൽ നൽകിയിരിക്കുന്നു.

*പട്ടിക 5.1.1: പദ്ധതിബാധിതമാകുന്ന ഭൂമിയുടെ ഉടമകൾ*

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ |
|---|---|---|
| 1 | മധുകുമാർ എം.ആർ<br>മലപ്പുറത്ത് ഹൗസ്<br>പോട്ടോർ.പി.ഒ<br>പോട്ടോർ, തൃശ്ശൂർ<br>9946808936 | 5/12-2 |
| 2 | ഗോപി.ടി.വി<br>പോട്ടോർ ഹൗസ്<br>പോട്ടോർ.പി.ഒ – 680581<br>മാരാശ്ശേരി വേലായുധൻ<br>9961454901 | 56/10-5<br>56/10-1 |
| 3 | പരമേശ്വരൻ.പി.എം,<br>പള്ളുവളപ്പിൽ ഹൗസ്<br>പോട്ടോർ.പി.ഒ<br>തിരൂർ, തൃശ്ശൂർ<br>9037001675/8848178748 | 75/1-3 |
| 4 | പ്രകാശൻ.എം.എസ്<br>മലപ്പുറത്ത് ഹൗസ്<br>പോട്ടോർ.പി.ഒ<br>7306844231 | 56/12 |
| 5 | ജോസ് പി.എൽ<br>തെക്കേപീടിക ഹൗസ്<br>അക്ഷയ ഗാർഡൻ<br>ചേരൂർ റോഡ്.പി.ഒ<br>തൃശ്ശൂർ – 680020<br>9495025853 | 80/3,<br>80/4 |
| 6 | മഹേഷ് രാഘവൻ<br>മലപ്പുറത്ത് ഹൗസ്<br>പോട്ടോർ.പി.ഒ<br>തൃശ്ശൂർ – 680581<br>9846756264 | 52/12-1 |
| 7 | ബാബു.പി.റ്റി<br>പ്ലാക്കൽ ഹൗസ്<br>പോട്ടോർ.പി.ഒ<br>പോട്ടോർ<br>9847397013 | --- |
| 8 | കണ്ണൻ.കെ.കെ<br>കരിവണ്ണൂർ ഹൗസ്<br>പോട്ടോർ.പി.ഒ<br>പോട്ടോർ – 680581<br>9846877386 | -- |

| | | |
|---|---|---|
| 9 | കോമളവല്ലി പത്മനാഭൻ<br>ഇട്ടില്ലാവളപ്പിൽ വീട്<br>പോട്ടോർ.പി.ഒ<br>പോട്ടോർ – 680581<br>9846652800 (ഗിരീഷ്) | 285/3 |
| 10 | ജോയ്<br>ചാലക്കൽ ഹൗസ്<br>പോട്ടോർ.പി.ഒ<br>പോട്ടോർ – 680581<br>9746756634 | -- |
| 11 | പ്രേമാവതി & രാഖി<br>കോട്ടക്കൽ ഹൗസ്<br>പോട്ടോർ.പി.ഒ<br>പോട്ടോർ – 680581<br>9497369061 | 81/5 |
| 12 | പ്രമോദ് മേനോൻ<br>9447473828 | 285/3-3 |
| 13 | മോഹൻ രാജ്<br>9249844607 | |

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശം വനഭൂമിയല്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പൊതു ജനങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതു സൗകര്യങ്ങൾ ഒന്നും ഏറ്റെടുക്കുന്ന പ്രദേശത്തില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശം നഗരപ്രദേശമല്ല.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഉപജീവനത്തിനായി പദ്ധതി പ്രദേശത്തെ ആശ്രയിക്കുന്ന കുടുംബങ്ങളില്ല

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പദ്ധതിക്ക് പരോക്ഷ ആഘാത ബാധിതരില്ല.

**5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

***പട്ടിക 5.6.2: ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ***

| ക്രമ നമ്പർ | ഭൂവുടമയുടെ പേര് & സർവ്വെ നമ്പർ | *പദ്ധതിബാധിതമാകുന്നഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ* |
|---|---|---|
| 1 | മധുകുമാർ എം.ആർ<br>5/12-2 | കുഴൽകിണർ, തെങ്ങ്, പ്ലാവ്, മാവ് 2, വാഴ 23 |
| 2 | ഗോപി.ടി.വി<br>56/10-5 , 56/10-1 | വാഴ 6 |
| 3 | പരമേശ്വരൻ.പി.എം<br>75/1-3 | തെങ്ങ് 9, വാഴ 35,കവുങ്ങ് 2, പാല മരം, വട്ട 2, മഹാഗണി |
| 4 | പ്രകാശൻ.എം.എസ്<br>56/12 | തെങ്ങ് 10, പ്ലാവ്, മാവ് 7, വാഴ 20, പുളി 3, തേക്ക് 3, കവുങ്ങ് 2, പാഴ്മരം 8, പേര, മുരിങ്ങ, കശുമാവ് |
| 5 | ജോസ് പി.എൽ<br>80/3, 80/4 | തെങ്ങ് 10, പ്ലാവ്, മാവ് 3, വാഴ 15 |
| 6 | മഹേഷ് രാഘവൻ<br>52/12-1 | മാവ്, വാഴ |
| 7 | ബാബു.പി.റ്റി | തെങ്ങ്, വാഴ 15, ചുറ്റുമതിൽ |
| 8 | കണ്ണൻ.കെ.കെ | തെങ്ങ് 3, ഇരുമ്പൻ പുളി, പേര, ആരുവേപ്പ് |
| 9 | കോമളവല്ലി പത്മനാഭൻ<br>285/3 | തെങ്ങ് |
| 10 | ജോയ് | റമ്പൂട്ടാൻ, ആപ്പ മരം |
| 11 | പ്രേമാവതി & രാഖി | വീടും അനുബന്ധ സൗകര്യങ്ങളും, തെങ്ങ് 3, മാവ് 3 |

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം

# (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യ വത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായവിവരങ്ങൾ**

പദ്ധതി ബാധിത കുടുംബങ്ങളിൽ 6 കുടുംബങ്ങളാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 5 കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു

**പട്ടിക 6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗവും**

| *പ്രായം* | *പുരുഷന്മാരുടെ എണ്ണം* | *സ്ത്രീകളുടെ എണ്ണം* |
|---|---|---|
| 0-18 | 3 | 2 |
| 19-30 | .. | 2 |
| 31-45 | 2 | 3 |
| 46-60 | 1 | .. |
| 61-75 | 3 | 3 |
| **ആകെ** | **9** | **10** |

പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയായ 19ൽ 9 പുരുഷൻമാരും 10 സ്ത്രീകളുമുണ്ട്. ടി കുടുംബങ്ങളിൽ 18 വയസ് വരെ പ്രായമുള്ള 3 ആൺകുട്ടികളും 2 പെൺകുട്ടികളുമുണ്ട്. പദ്ധതി ബാധിത

കുടുംബങ്ങളിലെ 2 സ്ത്രീകൾ 19നും 30 നും ഇടയിൽ പ്രായമുള്ളവരാണ്. 2 പുരുഷന്മാരും 3 സ്ത്രീകളും 31 നും 45 നും ഇടയിൽ പ്രായമുള്ളവരാണ്. കുടുംബാംഗങ്ങളിൽ 1 പുരുഷന് 46 നും 60 നും ഇടയിൽ പ്രായമുണ്ട് . 61നും 45 നും ഇടയിൽ പ്രായമുള്ള 6 വയോജനങ്ങളാണ് (3സ്ത്രീകളും 3 പുരുഷന്മാരും) പദ്ധതിബാധിത കുടുംബങ്ങളിൽ ഉള്ളത്.

**6.1. a. പദ്ധതിബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ പങ്കെടുത്ത 11 പദ്ധതിബാധിത കുടുംബങ്ങളുടെ മതം താഴെ ചിത്രീകരിച്ചിരിക്കുന്നു.

**ചിത്രം 6.1.പദ്ധതിബാധിതകുടുംബങ്ങളുടെ മതം**




സർവ്വെയിൽ പങ്കെടുത്ത 11 കുടുംബങ്ങളിൽ 8 കുടുംബങ്ങൾ (73%) ഹിന്ദു മതത്തിലും 3 കുടുംബങ്ങൾ (27%) ക്രിസ്തുമതത്തിലും ഉൾപ്പെടുന്നവരാണ്. പദ്ധതി ബാധിത കുടുംബങ്ങൾ ഏതേത് സാമൂഹ്യ വിഭാഗത്തിൽ പെടുന്നു എന്ന് പരിശോധിക്കുമ്പോൾ ഹിന്ദുമതാനുയായികളായ 8 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും,ക്രിസ്തുമതത്തിലുള്ള 3 കുടുംബങ്ങൾ പൊതുവിഭാഗത്തിലും ഉൾപ്പെടുന്നു എന്ന് മനസിലാക്കാവുന്നതാണ്.

**6.2. വരുമാനവും ദാരിദ്ര്യതലവും**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമിയുടെ ഉടമകളായ 11 കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എസ്.ഐ.എ. പഠനത്തിന്റെ

ഭാഗമായി നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ ലഭ്യമായ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

***പട്ടിക 6.2.1 പദ്ധതി ബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും എണ്ണം***

| ***കുടുംബങ്ങളുടെ എണ്ണം*** | ***വരുമാനദായകരുടെഎണ്ണം*** | ***ആശ്രിതരുടെഎണ്ണം*** |
|---|---|---|
| 1 | 0 | 2 |
| 1 | 1 | 1 |
| 2 | 1 | 2 |
| 3 | 1 | 3 |
| 2 | 1 | 4 |
| 1 | 3 | 2 |
| 3 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

***ചിത്രം6.2.1 പദ്ധതിബാധിതകുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം***




പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെ എണ്ണം പട്ടിക 6.2.1.ലും അനുപാതം ചിത്രം 6.2.1 ലും നൽകിയിരിക്കുന്നു. ആരും തന്നെ വരുമാനദായകരല്ലാത്ത, 2 അംഗങ്ങളും ആശ്രിതരായിട്ടുള്ള 1 കുടുംബം പദ്ധതി ബാധിതരിലുണ്ട്. മറ്റൊരു (1) കുടുംബത്തിലെ 1

അംഗം വരുമാനമുള്ളയാളും 1 അംഗം ആശ്രിതനുമാണ്. വരുമാനദായകരുടെയും ആശ്രിതരുടെയും എണ്ണം യഥാക്രമം 1 ഉം 2 ഉം ആയ കുടുംബങ്ങളുടെ എണ്ണം 2 ആണ്. 3 കുടുംബങ്ങളിൽ 1 അംഗം വരുമാനദായകനും 3 അംഗങ്ങൾ ആശ്രിതരുമാണ്. 1 അംഗത്തിന് മാത്രം വരുമാനമുള്ളതും 4 അംഗങ്ങൾ ആശ്രിതരുമായിട്ടുള്ളതുമായ 2 കുടുംബങ്ങൾ പദ്ധതിബാധിതരിലുണ്ട്. 1 കുടുംബത്തിലെ വരുമാനദായകരുടെ എണ്ണം 3 ഉം ആശ്രിതരുടെ എണ്ണം 2 ഉം ആണ്. പദ്ധതിബാധിതരാകുന്ന 3 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

***ചിത്രം 6.2.2. പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെ ജോലി***




സർവ്വെയിൽ വിവരം ലഭ്യമായ 10 കുടുംബങ്ങളിലെ വരുമാനദായകരായിട്ടുള്ള 10 അംഗങ്ങളുടെ ജോലി ചിത്രം 6.2.2ൽ നൽകിയിരിക്കുന്നു. വരുമാനദായകരായിട്ടുള്ള 4 അംഗങ്ങൾ കൂലിവേല ചെയ്യുന്നവരാണ്. വിദേശ ജോലി, സെക്യൂരിറ്റി ജോലി, മരപ്പണി, ചാർട്ടേഡ് അക്കൗണ്ടൻറ് എന്നീ മേഖലകളിൽ ജോലിചെയ്യുന്ന ഓരോ (1) അംഗങ്ങളാണുള്ളത്. പദ്ധതിബാധിത കുടുംബത്തിലെ 1 അംഗം പെട്ടികട നടത്തുന്നു. മറ്റൊരു (1) കുടുംബാംഗം ജനസേവനകേന്ദ്രം നടത്തുന്നു.

***പട്ടിക 6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം***

| ***മാസവരുമാനം (രൂപയിൽ)*** | ***കുടുംബങ്ങളുടെ എണ്ണം*** |
|---|---|
| 1,800 | 1 |
| 3,500 | 2 |

| | |
|---|---|
| 10,000 | 1 |
| 22,000 | 1 |
| 25,000 | 1 |
| 30,000 | 1 |
| വിവരം ലഭ്യമല്ല | 6 |
| **ആകെ കുടുംബങ്ങൾ** | **13** |

പദ്ധതി ബാധിത കുടുംബങ്ങളുടെ മാസവരുമാനത്തെക്കുറിച്ച് സർവ്വെയിൽ വിവരം നൽകിയത് 7 കുടുംബങ്ങളാണ്. ടി കുടുംബങ്ങൾ നൽകിയ വിവരം അനുസരിച്ച് 2 കുടുംബങ്ങളുടെ മാസവരുമാനം 3500 രൂപയാണ്. അവശേഷിക്കുന്ന 5 കുടുംബങ്ങളുടെ മാസ വരുമാനം യഥാക്രമം 1800, 10000, 22000, 25000, 30000 രൂപയാണ്.

***പട്ടിക 6.2.3.*: പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ**

| **റേഷൻകാർഡിൻെറ നിറം** | **കുടുംബ്വങ്ങളുടെ എണ്ണം** |
|---|---|
| നീല | 8 |
| വെള്ള | 3 |
| വിവരം ലഭ്യമല്ല | 3 |
| **ആകെകുടു,ംബങ്ങൾ** | **13** |

സർവ്വെയിൽ വിവരം നൽകിയ 8 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡും 3 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭ്യമായിട്ടുള്ളത്

## 6.3. ദുർബലജനവിഭാഗം

സർവ്വെയിൽ കുടുംബപരമായ വിവരങ്ങൾ നൽകിയ 10 കുടുംബങ്ങളിലെ 8 അംഗങ്ങൾ 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളാണ്. 60 വയസിനുമുകളിൽ പ്രായമുള്ള വയോജനങ്ങളിൽ 3 വിധവകളും 1 വിഭാര്യനുമുണ്ട്. കൂടാതെ 1 ഭൂവുടമയും 1 ഭൂവുടമയുടെ ഭാര്യയും ഹൃദ്രോഗികളാണ്.

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പദ്ധതി ബാധിതമാകുന്ന സ്വകാര്യ വസ്തുക്കളുടെ ഉടമകളായ 13 പേരിൽ 5 ഉടമകൾ ടി സ്ഥലം താമസത്തിനുമാത്രമായും, 4 ഉടമകൾ കൃഷിക്കും, 1 ഉടമ താമസത്തിനും

കൃഷിക്കുമായി ടി സ്ഥലം ഉപയോഗിക്കുന്നു. 3 ഉടമകളുടെ സ്ഥലങ്ങൾ തരിശ് ഭൂമിയാണ്. ഉപജീവനത്തിനായി കുടുംബങ്ങൾ പദ്ധതിപ്രദേശത്തെ ആശ്രയിക്കുന്നില്ല.

### 6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും നിലവിലില്ല

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശത്ത് പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നുണ്ട്. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിലും കൃഷി ചെയ്യപ്പെടുന്നവയുണ്ട് എന്നിരുന്നാലും ഇത് കുടുംബ ങ്ങളുടെ ഉപജീവനമാർഗമല്ല എന്നാണ് സർവ്വെയിൽ മനസിലാകുന്നത്

### 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളാണ്. പദ്ധതി ബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഒന്നും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിബാധിതപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല. ആയതിനാൽ ഭരണ സംഘടനകളുടെ വസ്തുവകകൾ ഒന്നും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല

### 6.11പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

പദ്ധതി പ്രദേശം മനോഹരമായ ഗ്രാമ പ്രദേശമാണ്. ഏകദേശം 25 വർഷങ്ങൾക്ക് മുൻപ് വരെ ടി പ്രദേശം സൗകര്യങ്ങൾ കുറവുള്ള ഒരു പ്രദേശമായിരുന്നു. എന്നാൽ പോട്ടോർ-തിരൂർ റോഡ് നിലവിൽ വന്നതോട് കൂടി പ്രദേശം വികസനത്തിൻെറ പാതയിലാണ്. സ്ക്കൂളുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ പദ്ധതിപ്രദേശത്തിൻെറ സമീപത്തുണ്ട്.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

തൃശൂർ നഗരത്തിൽ നിന്ന് ഏകദേശം 6.8 കിലോമീറ്റർ ദൂരത്തിലുള്ള കോലഴി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. പോട്ടോർ–തിരൂർ റോഡിൽ അട്ടൂർ ഗ്രാമത്തിലാണ്  എൽ.സി.നമ്പർ 15 സ്ഥിതിചെയ്യുന്നത്. തൃശൂർ പട്ടണത്തോട് അടുത്ത് കിടക്കുന്ന ഗ്രാമമായതിനാൽ ജനങ്ങൽക്ക് അവശ്യ സൗകര്യങ്ങളുടെ പ്രാപ്യതയുണ്ട്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 08.04.2022 തീയതിയിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാ വലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് 02.06.2022 തീയതിയിൽ പഠന സംഘം നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിതരിൽ നിന്ന് വിവരശേഖരണം നടത്തി. പദ്ധതി പ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തി രവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായി പദ്ധതി ബാധിത കുടുംബങ്ങൾക്കും ജനപ്രതിനിധി കൾക്കും അറിയിപ്പ് നൽകികൊണ്ട് കോലഴി ഗ്രാമ പഞ്ചായത്ത് ഹാളിൽ 15.07.2022 തീയതിയിൽ പകൽ 11.00 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറയും അർത്ഥനാധികാരിയുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്ന ടി പബ്ലിക് ഹിയറിങ്ങ് പദ്ധതി ബാധിതർക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെ ക്കുറിച്ചുമുള്ള സംശയങ്ങളും ആശങ്കകളും ദൂരീകരിക്കുന്നതിനുള്ള ഒരു വേദിയായിരിക്കും.

## 7.2 ആഘാതം ഒഴിവാക്കുവാനോ,ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കു ന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD& 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ യഥാസമയം പദ്ധതിബാധിതർക്ക് നൽകുക.
- പദ്ധതിക്ക് വേണ്ടി കുടി ഒഴിയേണ്ടി വരുന്ന കുടുംബത്തിൻെറ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ- പുനസ്ഥാപന നടപടി കൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമാർ ജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാ ക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകാതിരിക്കു ന്നതിനും, പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കു ന്നതിനുമുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

## .7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഉം ടി നിയമത്തിൻെറൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS)No.485/2015/RD& 29/12/2017 തീയതിയിലെ ഉത്തരവ് G.O(Ms) No.448/2017/ RD പ്രകാരവുമുള്ള നടപടി ക്രമങ്ങൾ തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

## 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

കേരള സംസ്ഥാന സർക്കാരും റെയിൽവേയും തമ്മിലുള്ള ധാരണ പത്രം പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾ തൃശൂർ ജില്ലാകളക്ടറുടെ കീഴിൽ നിയമിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കിലാക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കുകയും ചെയ്യും എന്ന് അർത്ഥനാധികാരിയിൽ നിന്ന് ലഭ്യമായ പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ പറയുന്നു

## 7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതി രൂപരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RDപ്രകാരവും& 29/12/2017

തീയതിയിലെ ഉത്തരവ് G.O(Ms)No.448/2017/RD പ്രകാരവുമുള്ള പദ്ധതി ബാധിതർക്ക് നഷ്ട പരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതി യുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

തൃശൂർ ജില്ലയിലെ തൃശൂർ താലൂക്കിൽ ഉൾപ്പെടുന്ന പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമിലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARRനിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായകേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്ന എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും നൽകുക | | കുടുംബത്തെ കുടി ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപനനടപടികൾ, കുടുംബത്തിന്റെ സുരക്ഷിതമായ താമസത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും ഒരു ദിവസം പോലും ഭംഗം നേരിടു |

| | | | | |
|---|---|---|---|---|
| | | | | ന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 3 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം വരുമാനം നഷ്ടമാകൽ | RFCTLARRനിയമം2013ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെമൂല്യ നിർണ്ണയ നടപടി കൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള സഞ്ചാരതടസം, ആരോഗ്യപ്രശ്നങ്ങൾ, അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ളസഞ്ചാരതടസം, പൊടിശല്ല്യം യന്ത്രസാമഗ്രികളുടെ ശബ്ദം എന്നിവകഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്രം തടസപ്പെടുന്നില്ല എന്നും ആരോഗ്യപ്രശ്നങ്ങൾക്ക കാരണമാകുന്നില്ല എന്നും ഉറപ്പ് വരുത്തൽ |
| 5 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ശാസ്ത്രീയമായും സമയാധിഷ്ടിതമായ മാലിന്യ നിർമ്മാർജനംആസൂത്രണം ചെയ്ത് നടപ്പിലാക്കുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ഭംഗം നേരിടാത്ത വിധത്തിലുള്ള പദ്ധതി നിർവ്വഹണം |
| 6 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് |

| | | | | |
|---|---|---|---|---|
| | | പകരമായി വൃക്ഷ തൈകൾ നട്ട്പിടിപ്പി ക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുക. | | വരുത്തൽ |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ടസ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. തൃശൂർ ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 15 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പോട്ടോർ വില്ലേജിൽ നിന്നും ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് എൽ.എ. (ജനറൽ) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാർ ആണ്

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

**2.**പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരി ഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാ ക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും .

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടും ബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയി ക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത

വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽനിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി 2022 മെയ് 23 തീയതിയിലെ DCTSR/4500/2019-E4 വിജ്ഞാപനത്തിലൂടെ തൃശ്ശൂർ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതലഘൂകരണപദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി തൃശ്ശൂർ താലൂക്കിലെ പോട്ടോർ വില്ലേജിൽ ഉൾപ്പെട്ട ഏകദേശം 0.7864 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. സർക്കാർ പുറമ്പോക്ക് ഭൂമിയും സ്വകാര്യ ഭൂമിയും ടി വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഭൂമി ഏകദേശം 15 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. ഏറ്റെടുക്കൽ മൂലം ഭൂവുടമകളിൽ ആർക്കും പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമി പൂർണ്ണമായും നഷ്ടമാകുന്നില്ല. എന്നിരുന്നാലും ഒരു കുടുംബത്തിന് തങ്ങളുടെ വീടും അനുബന്ധ സൗകര്യങ്ങളും പൂർണ്ണമായും നഷ്ടമാകും എന്ന് മാത്രമല്ല ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം മതിയായ സൗകര്യങ്ങളോടു കൂടി വീട് നിർമ്മിക്കുന്നതിന് അപര്യാപ്തമായിരിക്കും എന്നതിനാൽ ടി കുടുംബം പ്രദേശത്ത് നിന്ന് കുടി ഒഴിയേണ്ടി വരും എന്നതാണ് പദ്ധതിയുടെ ഒരു വലിയ പ്രത്യാഘാതം. കൂടാതെ 11 ഭൂവുടമകളുടെ സ്ഥലത്ത് ഫലവൃക്ഷങ്ങൾ ഉൾപ്പടെ ധാരാളം വൃക്ഷങ്ങളുണ്ട്. 5 ഭൂവുടമകൾക്ക് പ്രസ്തുത ഫലവൃക്ഷങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നുണ്ട് എന്ന് സർവ്വെയിൽ വെളിപ്പെടുത്തി. ആയതിനാൽ ഭൂമി വില, ഉടമകൾക്ക് ഉണ്ടാകുവാനിടയുള്ള ആസ്തികളുടെ നഷ്ടം, വരുമാന നഷ്ടം എന്നിവ നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ ഭൂമിവിലയും വീടുൾപ്പടെ ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ താമസവും ഉപജീവനവും തടസപ്പെടാത്ത വിധത്തിൽ
- സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പുനരധിവാസ പുന:സ്ഥാപന നടപടികളുടെ സമയക്രമം
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി തൃശ്ശൂർ താലൂക്കിലെ പോട്ടോർ വില്ലേജിൽ ഉൾപ്പെട്ട ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദി ഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) തൃശ്ശൂർ പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം നിർവ്വഹി

ക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് എൽ.എ. (ജനറൽ) തൃശ്ശൂർസ്പെഷ്യൽ തഹസിൽദാർ ആണ്.

### 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുക എന്നത് പ്രദേശത്തെ ജനസഞ്ചാരവും റെയിൽ ഗതാഗതവും വാഹന ഗതാഗതവും സുരക്ഷിതവും സുഗമവുമാക്കുന്നതിന് ഏറ്റം ആവശ്യമാണെന്ന് പഠനസംഘം വിലയിരുത്തുന്നു. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു കുടുംബത്തെ പ്രദേശത്ത് നിന്ന് കുടി ഒഴിപ്പിക്കേണ്ടി വരുന്നു എന്നതാണ് പദ്ധതിയുടെ ഒരു വലിയ പ്രത്യാഘാതമായി കാണുന്നത്. മേൽ പറഞ്ഞത് കൂടാതെ ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലവൃക്ഷങ്ങൾ ഉൾപ്പടെ മുറിച്ച് മാറ്റേണ്ടിവരും എന്നതും ടി വൃക്ഷങ്ങളിൽ നിന്ന് കുടുംബങ്ങൾക്ക് ലഭിക്കുന്ന വരുമാനം നഷ്ടമാകും എന്നതുമാണ് മറ്റ് പ്രത്യാഘാതങ്ങൾ. പദ്ധതി ബാധിത കുടുംബങ്ങൾക്ക് ആർക്കും തന്നെ പ്രദേശത്ത് കൈവശമായ ഭൂമി പൂർണ്ണമായി നഷ്ടമാകുന്നില്ല. പദ്ധതി പ്രദേശത്തെ കുടുംബങ്ങൾക്ക് ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് നിലവിലെ രൂപരേഖ തീരുമാനിക്കപ്പെട്ടിരിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും തലമുറകളായി താമസിച്ചുവരുന്ന പ്രദേശത്ത് നിന്ന് കുടി ഒഴിയേണ്ടി വരുന്ന കുടുംബത്തിൻെറ വൈകാരികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ദൂരീകരിക്കത്തക്ക വിധത്തിലുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട സർവ്വേയിൽ വീട് നഷ്ടപ്പെടുന്നതിലുള്ള ആശങ്ക പ്രസ്തുത കുടുംബം പങ്കുവെയ്ക്കുകയുണ്ടായി എന്നിരുന്നാലും പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള ദൂരവ്യാപകമായ പ്രയോജനങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതിയോട് വീട് നഷ്ടപ്പെടുന്നതുൾപ്പടെയുള്ള പദ്ധതിബാധിത കുടുംബങ്ങൾക്ക് അനുകൂല മനോഭാവമാണ്എന്ന് മനസിലാക്കുന്നു.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി തൃശ്ശൂർ ജില്ലയിൽതൃശ്ശൂർ താലൂക്കിലെ പോട്ടോർ വില്ലേജിൽ ഉൾപ്പെട്ട ഏകദേശം 0.7864 ഹെക്ടർഭൂമി ഏറ്റെടുക്കുന്നതിൻെറഅനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾപദ്ധതി മൂലം ഒരു കുടുംബത്തിന് പാർപ്പിടം നഷ്ടമാകുന്നതിനും മറ്റ് കുടുംബങ്ങൾക്ക് വസ്തുവിൻെറയും ആസ്തികളുടെയും അളവിൽ കുറവ് വരുന്നതിനും വരുമാനത്തിൽ കുറവ് വരുന്നതിനും കാരണമാകുന്നുണ്ട് എങ്കിലും പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് പദ്ധതി വഴിതെളിക്കും എന്നതിനാൽ പദ്ധതിബാധിതകുടുംബങ്ങൾ ഉൾപ്പ ടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റെവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിട യുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകി യും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവ്, പൂങ്കുന്നം റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ എൽ.സി.നമ്പർ 15 നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ പോട്ടോർ വില്ലേജിൽ ഉൾപ്പെട്ട ഏകദേശം 0.7864 ഹെക്ടർ ഭൂമി ഏറ്റെടു ക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠന സംഘം ശുപാർശ ചെയ്യുന്നു. നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ കുടുംബങ്ങൾക്ക് നൽകുന്നതോടൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

- പദ്ധതിക്ക് വേണ്ടി കുടി ഒഴിയേണ്ടി വരുന്ന കുടുംബത്തിന്റെ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്ത വിധം, നിയമാനുസൃതമായ പുനരധിവാസ- പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുക ളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതി യായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശ ത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകാതിരിക്കു ന്നതിനും, പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കു ന്നതിനുമുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം.

.

# സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെഉത്തരവ് നമ്പർG.O(MS)No.485/2015/RDപ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. 2022മെയ് 24 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1685 ൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2022മെയ 23 തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/4500/2019-E4.
5. കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail)നിന്നും ലഭ്യമായ വിശദമായ പദ്ധതി രേഖ